**പതിനാലാം കേരള നിയമസഭ**
**പതിനഞ്ചാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4787 — 26.06.2019 ൽ മറുപടിക്ക്

## അനധികൃത ഫ്ളക്സ് ബോർഡുകൾ നീക്കുവാൻ നടപടി

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ. വി.ടി.ബൽറാം** | | **എ.സി. മൊയ്തീൻ (തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി)** | |
| എ) | അനധികൃത ഫ്ളക്സ് ബോർഡുകൾ നീക്കുവാൻ നടപടി സ്വീകരിക്കാത്ത തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥരോട് കേരള ഹൈക്കോടതി കോടതി അലക്ഷ്യ നടപടി സ്വീകരിക്കാതിരിക്കുവാൻ കാരണം കാണിക്കുവാൻ നിർദ്ദേശിച്ചി ട്ടുണ്ടോ; | എ) | അനധികൃത ഫ്ളക്സ് ബോർഡുകൾ നീക്കുവാൻ നടപടി സ്വീകരിക്കാത്ത തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥർക്കെതിരെ കർശന നടപടി സ്വീകരിക്കുമെന്ന് ബഹു. ഹൈക്കോടതി ഉത്തരവിട്ടിട്ടുണ്ട്. |
| ബി) | ഏതൊക്കെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥർക്കെതിരെയാണ് നടപടി ഉണ്ടായിട്ടുള്ളത്; | ബി) | ഇതുവരെയും ഒരു തദ്ദേശസ്വയംഭരണ സ്ഥാപനത്തിലെയും ഉദ്യോഗസ്ഥർക്കെതിരെയും നടപടി ഉണ്ടായിട്ടില്ല. |
| സി) | ഹൈക്കോടതിയുടെ കർശന നിർദ്ദേശമുണ്ടായിട്ടും സംസ്ഥാനത്ത് പല ഭാഗത്തും ഫ്ളക്സ് ബോർഡുകൾ സ്ഥാപിക്കുന്നത് തുടരുന്ന സാഹചര്യത്തിൽ ഇക്കാര്യത്തിൽ അടിയന്തരമായി നടപടി സ്വീകരിക്കുമോ? | സി) | WP(C) 22750, 25784 & 42574/2018-മേൽ ബഹു. ഹൈക്കോടതി പുറപ്പെടുവിച്ച ഇടക്കാല ഉത്തരവുകളുടെ അടിസ്ഥാനത്തിൽ സംസ്ഥാനത്ത് അനധികൃതവും അപകടകരവും ഗതാഗതത്തിന് ബുദ്ധിമുട്ടുണ്ടാക്കുന്ന തരത്തിലും സ്ഥാപിച്ചിട്ടുള്ള പരസ്യ ബോർഡുകൾ / ഹോർഡിങ്ങുകൾ / ബാനറുകൾ തുടങ്ങിയവ അടിയന്തരമായി നീക്കം ചെയ്യുന്നതിന് വ്യക്തമായ മാർഗ്ഗനിർദ്ദേശങ്ങൾ ഉൾക്കൊള്ളുന്ന സർക്കുലറുകൾ സർക്കാർ തലത്തിലും വകുപ്പ്തലത്തിലും പുറപ്പെടുവിക്കുകയും, ആയത് പ്രകാരം തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾ കർശന നടപടി സ്വീകരിച്ചു വരികയും ചെയ്യുന്നുണ്ട്. പ്രവർത്തനങ്ങൾ അവലോകനം ചെയ്യാനും ഏകോപിപ്പിക്കുവാനും സംസ്ഥാന-ജില്ലാതലങ്ങളിൽ ഉദ്യോഗസ്ഥരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. അനധികൃതമായി പരസ്യ ബോർഡുകൾ / ഹോർഡിങ്ങുകൾ/ ബാനറുകൾ സ്ഥാപിക്കുന്നവരിൽ നിന്നും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പിഴ ഈടാക്കിവരുന്നു. അനധികൃത പരസ്യ ബോർഡുകൾ / ഹോർഡിങ്ങുകൾ/ ബാനറുകൾ അടിയന്തര പ്രാധാന്യത്തോടെ നീക്കം ചെയ്തുവരുന്നു. |

സെക്ഷൻ ഓഫീസർ